# പതിന്നാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1163 03.12.2018 ൽ മറുപടിക്ക്**

**പ്രളയം മൂലം റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാ പ്രളയത്തിലും മണ്ണിടിച്ചിലിലും ഉരുൾ പൊട്ടലിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും തകർന്ന് എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | എ) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാ പ്രളയത്തിലും മണ്ണിടിച്ചിലിലും ഉരുൾ പൊട്ടലിലും പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത് വിഭാഗത്തിന്റെ കീഴിൽ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും, പാലങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 44.35 കോടി രൂപയും ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്..<br>KSTP യുടെ കീഴിൽ ഏകദേശം 13.10 കോടിയുടെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.<br>KRFB യുടെ കീഴിൽ ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. |
| ബി) പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളും പാലങ്ങളും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | ബി) മണ്ണിടിച്ചിലുകൾ എല്ലാം മാറ്റി റോഡുകൾ ഗതാഗത യോഗ്യമാക്കി. എല്ലാ റോഡുകളിലും അറ്റകുറ്റ പണികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മണ്ണിടിച്ചിലുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം നടത്തി വരുന്നു. തകർന്ന പാലങ്ങൾക്കു പകരം താൽക്കാലിക പാലം നിർമ്മിച്ച് ഗതാഗതം പുന:സ്ഥാപിച്ചു. മാത്രമല്ല പാലങ്ങളിലുണ്ടായ തകരാറുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു തുടങ്ങി. |

സെക്ഷൻ ഓഫീസർ